"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വ്യവസായ വകുപ്പ് - വ്യവസായവും വാണിജ്യവും - ജീവനക്കാര്യം - ശ്രീ. നിധിൻ. ഇ. ആർ, ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ വ്യവസായ കേന്ദ്രം, കണ്ണൂർ- ജനറൽ മാനേജറുടെ അധിക ചുമതല നൽകിയ നടപടിക്രമം സാധൂകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (എ) വകുപ്പ്

സ.ഉ.(സാധാ) നം.1060/2024/ID തീയതി,തിരുവനന്തപുരം, 02-11-2024

---

പരാമർശം:-
1. 19/07/2024-ലെ സ.ഉ. (സാധാ) നം. 618/2024/വ്യവ
2. വ്യവസായ വാണിജ്യ ഡയറക്ടറുടെ 20/07/2024-ലെ ഡിഐസി/12882/2018-ഇഡി2 നമ്പർ നടപടിക്രമം
3. വ്യവസായ വാണിജ്യ ഡയറക്ടറുടെ 26/09/2024-ലെ ഡിഐസി/4562/2024-ഇഡി2 നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (1)-ലെ ഉത്തരവ് പ്രകാരം കണ്ണൂർ ജില്ലാ വ്യവസായ കേന്ദ്രത്തിലെ ജനറൽ മാനേജർ ശ്രീ. ഷിരാസ്. എ.എസ്-നെ തിരുവനന്തപുരം ജില്ലാ വ്യവസായ കേന്ദ്രത്തിലേയ്ക്ക് സ്ഥലംമാറ്റി നിയമിച്ചതിനെ തുടർന്ന് ടിയാൻ വിടുതൽ നേടിയതിനാൽ 20/07/2024 അപരാഹ്നം മുതൽ പരാമർശം (1) ഉത്തരവ് പ്രകാരം ജനറൽ മാനേജർ തസ്തികയിൽ സ്ഥാനക്കയറ്റ നിയമനം ലഭിച്ച ശ്രീ. അജിമോൻ. കെ. എസ് സ്ഥാനക്കയറ്റ തസ്തികയിൽ പ്രവേശിച്ച 12/08/2024 പൂർവ്വാഹ്നം വരെ പ്രസ്തുത തസ്തികയുടെ അധിക ചുമതല കണ്ണൂർ ജില്ലാ വ്യവസായ കേന്ദ്രത്തിലെ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. നിധിൻ. ഇ. ആർ-ന് നല്കിയ വ്യവസായ വാണിജ്യ ഡയറക്ടറുടെ പരാമർശം (2)-ലെ നടപടിക്രമം സാധൂകരിക്കണമെന്ന് പരാമർശം (3) പ്രകാരം വ്യവസായ വാണിജ്യ ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലാ വ്യവസായ കേന്ദ്രത്തിലെ ജനറൽ മാനേജറുടെ അഭാവത്തിൽ, 20/07/2024 അപരാഹ്നം മുതൽ 12/08/2024 പൂർവ്വാഹ്നം വരെ ജനറൽ മാനേജർ തസ്തികയുടെ അധിക ചുമതല പ്രസ്തുത ഓഫീസിലെ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. നിധിൻ. ഇ. ആർ-ന് നല്കിയ പരാമർശം (2) -ലെ നടപടിക്രമം സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BYJU KUMAR S
ഡെപ്യൂട്ടി സെക്രട്ടറി

വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ. നിധിൻ ഇ.ആർ (വ്യവസായ വാണിജ്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ശേഖരം / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Sachin V R
Date: 02-11-2024 17:15:58

സെക്ഷൻ ഓഫീസർ